**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സുൽത്താൻ ബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം കൊണ്ട കരാറുകാരനായ ശ്രീ.ബേബി ഷൈൻ (പ്രേമൻ) എന്നവർക്ക് കോവിഡ് -19 പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ കാലയളവിൽ ലേല തുകയിൽ നിന്ന് നിയമാനുസൃത കിസ്ത് ഇളവ് അനുവദിക്കുന്നതിന് സുൽത്താൻ ബത്തേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2239/2021/ത.സ്വ.ഭ.വ    തിരുവനന്തപുരം, തീയതി, 10/11/2021

പരാമർശം :- 1. സുൽത്താൻ ബത്തേരി നഗരസഭയുടെ 22/07/2021 തീയതിയിലെ 11-ാം നമ്പർ കൗൺസിൽ തീരുമാനം

2. നഗരകാര്യ ഡയറക്ടറുടെ 13/09/2021 തീയതിയിലെ G3/15645/2021 നമ്പർ കത്ത്

**ഉത്തരവ്**

സുൽത്താൻ ബത്തേരി നഗരസഭ ബസ് സ്റ്റാന്റിൽ നിന്നും 2021-22 വർഷത്തെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം ശ്രീ ബേബി ഷൈൻ (പ്രേമൻ) എന്നവർക്ക് 3,99,825/- രൂപയ്ക്ക് അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് ലേല തുകയുടെ 50 ശതമാനവും, ജി.എസ്.ടിയും ടിയാൻ നഗരസഭയിൽ അടവാക്കിയിരുന്നു. എന്നാൽ കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ മൂലം ബസ് സ്റ്റാന്റിൽ നിന്നുള്ള ഫീ പിരിക്കുവാൻ സാധിക്കാത്ത സാഹചര്യമായതിനാൽ ഓഫർ തുക തിരികെ നൽകുന്നതിന് ടിയാൻ നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയും, അപേക്ഷ പരിഗണിച്ച് കരാറുകാരനായ ശ്രീ.ബേബി ഷൈൻ (പ്രേമൻ) എന്നവർക്ക് നിയമാനുസൃത കിസ്ത് ഇളവ് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുത്തിട്ടുള്ളതുമാണ്. ടി തീരുമാനസഹിതം നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ അപേക്ഷ നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാർ അനുമതിയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു സുൽത്താൻ ബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം കൊണ്ട കരാറുകാരനായ ശ്രീ.ബേബി ഷൈൻ (പ്രേമൻ) എന്നവർക്ക് കോവിഡ് -19 പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ കാലയളവിൽ ലേലതുകയിൽ നിന്ന് നിയമാനുസൃത കിസ്ത് ഇളവ് അനുവദിക്കുന്നതിന് സുൽത്താൻ ബത്തേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റെജീന ആർ.**

**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, സുൽത്താൻബത്തേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I / ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/293/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ